# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2819 — 17/10/2016 -ൽ മറുപടിക്ക്

## സ്വകാര്യ ലബോറട്ടറികളുടെ അനധികൃത കോഴ്സുകൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.പി.കെ. ശശി** | | ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്വകാര്യ ലബോറട്ടറികൾ എത്ര എന്നും ഇവയിൽ എത്ര സ്ഥാപനങ്ങളുടെ ലാബ് കോഴ്സുകൾക്ക് അംഗീകാരമുണ്ട് എന്നും ജില്ലതിരിച്ച് വ്യക്തമാക്കുമോ; | എ) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്വകാര്യ ലബോറട്ടറികളുടെ എണ്ണവും ലാബ് കോഴ്സുകളുടെ അംഗീകാരം സംബന്ധിച്ച വിവരങ്ങളും ആരോഗ്യ വകുപ്പിൽ ലഭ്യമല്ല |
| ബി) | പല ലാബുകളും അംഗീകാരമില്ലാത്ത കോഴ്സുകൾ നടത്തി പഠിതാക്കളായ കുട്ടികളെ കബളിപ്പിച്ച് പണം തട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| സി) | എങ്കിൽ ഇവയെ നിയന്ത്രിക്കാനും അംഗീകാരമില്ലാത്ത കോഴ്സുകൾ നടത്തുന്ന സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ/ലൈസെൻസ് റദ്ദാക്കാനും എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | സി) | സ്വകാര്യ ലാബുകളെ നിയന്ത്രിക്കുന്ന-തിനും മറ്റ് മാനദണ്ഡങ്ങൾ ഉറപ്പാക്കുന്നതിനുമുള്ള കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജി. & റഗു.) ബിൽ 2016ന് രൂപം നൽകിയിട്ടുണ്ട്. ബിൽ നിയമസഭയിൽ ആവതരിപ്പിക്കുന്ന-തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ നിയമമാകുന്നതോടെ മാത്രമേ സ്വകാര്യ ആശുപത്രികൾ, ലാബുകൾ, സ്കാനിംഗ് സെന്ററുകൾ തുടങ്ങിയ സ്ഥാപനങ്ങളുടെ മേൽ സർക്കാരിന് നിയന്ത്രണം ഏർപ്പെടുത്താൻ കഴിയുകയുള്ളൂ. |
| ഡി) | 'സേഫ് കേരള'-യുടെ ഭാഗമായി ഇത്തരം ലാബുകളിൽ പരിശോധന നടത്തുക-യുണ്ടായോ; പ്രസ്തുത പരിശോധനയിൽ അനധികൃത കോഴ്സുകൾ നടത്തുന്ന എത്ര സ്ഥാപനങ്ങൾ കണ്ടെത്തിയിട്ടുണ്ട്; | ഡി) യും ഇ) യും | ആരോഗ്യ വകുപ്പ് 'സേഫ് കേരള'-പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ ലാബോറട്ടറി-കളിൽ ജില്ലാ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിലുള്ള ടീമുകൾ ചില അവസര-ങ്ങളിൽ പരിശോധന നടത്തിയിരുന്നു. ക്രമക്കേടുകൾ കണ്ടെത്തിയ സ്ഥാപനങ്ങൾ-ക്കെതിരെ നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത പരിശോധനയിൽ അനധികൃത കോഴ്സുകൾ നടത്തുന്ന സ്ഥാപനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ സർക്കാരിൽ ലഭ്യമല്ല. |
| ഇ) | അംഗീകാരമുള്ളവയിൽ യോഗ്യരായ അദ്ധ്യാപകരുടെ കുറവ്, അംഗീകാര-മുള്ളതും ഇല്ലാത്തതുമായ ഓരോ കോഴ്സിനും ഈടാക്കുന്ന ഫീസ് എന്നിവ സംബന്ധിച്ച കണ്ടെത്തലുകൾ വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ